"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്-കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി-അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംശദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് അവസരം നൽകിയത്-കാലാവധി ദീർഘിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

**G.O.(Rt)No.11/2026/LBR** തീയതി,തിരുവനന്തപുരം, **03-01-2026**

---

പരാമർശം:-
1. **05/07/1990**-ലെ സ.ഉ.(അച്ചടി) നമ്പർ **52/90**/തൊഴിൽ.
2. **11/09/2025**-ലെ സ.ഉ.(സാധാ)നമ്പർ **1090/2025**/തൊഴിൽ.
3. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ **10/12/2025**-ലെ **4400**/എ**2/2016** നമ്പർ കത്ത്.

**ഉത്തരവ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള അംശാദായം **24** മാസത്തിലധികം കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഉത്തരവ് തീയതി മുതൽ **10** വർഷം എന്ന കാലപരിധി നിശ്ചയിച്ചുകൊണ്ട്, **1990**-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ ഖണ്ഡിക **26B**-യുടെ ഉപഖണ്ഡിക **(3)**-ന്റെ ക്ലിപ്ത നിബന്ധനയിലെ ഇനം **(ii)**-നു താഴെയുള്ള ക്ലിപ്ത നിബന്ധനയിൽ ഇളവ് നൽകി, അംശദായ കുടിശ്ശിക പിഴ സഹിതം ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് മൂന്നു മാസത്തെ സമയം അനുവദിച്ചും, ഇനി ഇത്തരത്തിൽ അംഗത്വം പുനഃസ്ഥാപിക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമാക്കിയും പരാമർശം **(2)** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2.** പ്രസ്തുത ഉത്തരവിലെ നിർദ്ദേശം പാലിച്ച് **11/09/2025** മുതൽ **10/12/2025** വരെയുള്ള **3** മാസത്തെ കുടിശ്ശിക നിവാരണം നടന്നുവരുന്നതിനിടെ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ **2025** ഡിസംബർ **9, 11** തീയതികളിൽ സംസ്ഥാനത്തെ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ യൂണിയൻ പ്രതിനിധികൾക്ക് കുടിശ്ശിക നിവാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധിച്ചില്ലെന്നും മാതൃകാ പെരുമാറ്റച്ചട്ടം നിലനിന്നതിനാൽ

അംഗങ്ങളെ വിളിച്ചുചേർത്ത് അംശദായ വിഹിതം പിരിച്ചെടുക്കുന്നതിന് കഴിയാത്ത സാഹചര്യമായിരുന്നുവെന്ന് പല തൊഴിലാളി സംഘടനകളും അറിയിച്ചിട്ടുണ്ടെന്നും, കുടിശ്ശിക നിവാരണം ദീർഘിപ്പിക്കണമെന്ന വിവിധ യൂണിയൻ പ്രതിനിധികളുടേയും തൊഴിലാളികളുടേയും അപേക്ഷകൾ ബോർഡിൽ ലഭ്യമായിക്കൊണ്ടിരിക്കുകയാണെന്നും, കുടിശ്ശിക നിവാരണം അവസാനിക്കാറായ സാഹചര്യത്തിൽ തൊഴിലാളികൾ നേരിട്ട ഈ ബുദ്ധിമുട്ട് പരിഗണിച്ച്, പരാമർശം (2) ഉത്തരവിലെ (3)-ാം ഖണ്ഡികയിലെ വ്യവസ്ഥയിൽ ഇളവ് നൽകി, അംശദായ കുടിശ്ശിക അടവാക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് അവസാന അവസരമായി 1 മാസം സമയം കൂടി അനുവദിക്കണമെന്ന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കേരള കർഷക തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള അംശാദായം 24 മാസത്തിലധികം കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംശദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിന്, 3 മാസത്തെ സമയം അനുവദിച്ച് കൊണ്ടും, ഇനി ഇത്തരത്തിൽ അംഗത്വം പുനഃസ്ഥാപിക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമാക്കിയും പുറപ്പെടുവിച്ച സൂചന 2-ലെ ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നല്കികൊണ്ട്, അംശദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് 11/12/2025 തീയതി മുതൽ ഒരു മാസം സമയം കൂടി അവസാന അവസരമായി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**REMYA KUMARI L**

**UNDER SECRETARY**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ - 680 004.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നമ്പർ LBRD-H1/195/2024-LBRD).

ഉത്തരവിൻ പ്രകാരം

Signed by
Abhilash R P
Date: 03-01-2026 17:23:06
സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.